"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- മരട് നഗരസഭ - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസ് നമ്പർ വി.സി **VC 02/2026/EKM** - നിലവിൽ സസ്പെൻഷനിൽ തുടരുന്ന റവന്യൂ ഇൻസ്പെക്ടർ ശ്രീ. സൈജു.എ.ജി - സേവനത്തിൽ തിരികെ പ്രവേശിപ്പിക്കണം എന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ നിരസിച്ച് - **OA 774/2026** ഹർജിയിലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.**1449/2026/LSGD** തീയതി,തിരുവനന്തപുരം, **06-08-2026**

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ **24.02.2026** തീയതിയിലെ **C3(VC- 02/2026/EKM)12350/2026/DVACB** നമ്പർ കത്തും അനുബന്ധ രേഖകളും
2. തദ്ദേശ സ്വയം ഭരണ വകപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **10.02.2026** തീയതിയിലെ **LSGD/PD/4443/2026-VIGC2** നമ്പർ നടപടിക്രമം.
3. റവന്യൂ ഇൻസ്പെക്ടർ ശ്രീ. സൈജു.എ.ജി സമർപ്പിച്ച **08.05.2026** തീയതിയിലെ അപേക്ഷ
4. **OA 774/2026** ഹർജിയിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **26.05.2026** തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

മരട് നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ സൈജു.എ.ജി തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് അമിതാദായം ഉണ്ടാക്കണം എന്നുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി പരാതിക്കാരിയുടെ മകളുടെയും മരുമകന്റെയും പേരിൽ മരട് മുൻസിപ്പാലിറ്റി പരിധിയിൽ രണ്ടു സ്ഥലത്തായി വാങ്ങിയ രണ്ട് വീടുകളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിനായി അക്ഷയ വഴി സമർപ്പിച്ച അപേക്ഷയിൽ രണ്ട് സ്ഥലവും പരിശോധന നടത്തിയ ശേഷം സർട്ടിഫിക്കറ്റുകൾ നൽകണമെങ്കിൽ **₹5000/-** രൂപ നൽകണമെന്ന് ആവശ്യപ്പെടുകയും ഇതിലേക്ക് പരാതിക്കാരിയുടെ കൈവശം ഉണ്ടായിരുന്ന **₹2000/-** രൂപ വാങ്ങി ഒരു വീടിന്റെ ഉടമസ്ഥാവകാശം മാറ്റി സർട്ടിഫിക്കറ്റ് നൽകുകയും, രണ്ടാമത്തെ അപേക്ഷ നിരസിക്കുകയാണെന്നും വീണ്ടും അക്ഷയ വഴി അപേക്ഷ സമർപ്പിച്ച് ബാക്കി **₹3000/-** രൂപയുമായി ഓഫീസിൽ എത്തണമെന്ന് ആവശ്യപ്പെട്ടു എന്ന ആരോപണത്തിൽ ശ്രീ സൈജു.എ.ജി-യ്ക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ **2018**-ലെ അഴിമതി നിരോധന (ഭേദഗതി) നിയമം വകുപ്പ് **7(a)** പ്രകാരം **VC 20/2025/EKM** കേസ് രജിസ്റ്റർ ചെയ്യുകയും വിജയകരമായ ട്രാപ് നടത്തുകയും **07/02/2026** തീയതിയിൽ അറസ്റ്റ് ചെയ്യുകയും ചെയ്തതായി വിജിലൻസ് ഡയറക്ടർ പരാമർശം **(1)** പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

**2.** പ്രസ്തുത വിഷയത്തിൽ റവന്യൂ ഇൻസ്പെക്ടർ ശ്രീ സൈജു.എ.ജി-യെ തദ്ദേശ സ്വയംഭരണ വകപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(2)** പ്രകാരം **07/02/2026** തീയതി പ്രബല്യത്തിൽ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു. ടി കേസന്വേഷണം പൂർത്തിയാകുന്നതുവരെ കുറ്റാരോപിതരെ സർവ്വീസിൽ തിരിച്ചെടുക്കാതെ സസ്പെൻഷനിൽ നിർത്തുന്നതിനും കുറ്റാരോപിതനായ ഉദ്യോഗസ്ഥനെതിരെ ഔദ്യോഗിക ദുഷ്പെരുമാറ്റത്തിന് **(Official Misconduct)** വകുപ്പുതലനടപടി സ്വീകരിക്കേണ്ടതാണെന്നും വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. തുടർന്ന് ടിയാനെതിരെ **1960**-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം **V**, ചട്ടം **15** പ്രകാരം കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി ആരംഭിക്കുകയും കുറ്റാരോപണ

മെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു.

3.സസ്പെൻഷൻ പിൻവലിച്ച് സേവനത്തിൽ പുനഃപ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ സൈജു.എ.ജി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയത് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. തുടർന്ന് ടിയാൻ ഇതേ ആവശ്യത്തിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ **OA 774/2026** ഹർജി ഫയൽ ചെയ്യുകയും ചെയ്തിരുന്നു. **OA 774/2026** ഹർജിയിൽ **26.05.2026** തീയതി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചുവടെ ചേർത്ത പ്രകാരം ഉത്തരവായിരുന്നു.

**"Accordingly, Original Application is disposed of with a direction to the 1 st respondent to consider Annexure A5 representation and pass early orders thereon at the earliest, at any rate, within a period of six weeks from the date of receipt of a copy of this order."**

ശ്രീ സൈജു. എ.ജി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ട്രാപ് കേസിൽ അറസ്റ്റിലായതിനെ തുടർന്നാണ് സസ്പെൻഷനിൽ ആയിട്ടുള്ളത്. എന്നതിനാൽ ടിയാനെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളേണ്ടത് സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയും വിജിലൻസ് വകുപ്പുമാണ്. **VC-02/2026/EKM** നമ്പർ കേസിൽ ഉൾപ്പെട്ട് സസ്പെൻഷനിൽ തുടരുന്ന മരട് മുൻസിപ്പാലിറ്റി റവന്യൂ ഇൻസ്പെക്ടർ ശ്രീ. സൈജു എ.ജി-യെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നത്, അന്വേഷണഘട്ടത്തിലിരിക്കുന്ന കേസിന്റെ തെളിവ് നശിപ്പിക്കുന്നതിന് കാരണമാകുമെന്നതിനാൽ ടിയാനെ ഇപ്പോൾ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കേണ്ടതില്ലായെന്നും ശ്രീ സൈജു എ. ജി.-യുടെ കേസ് തുടർന്ന് വരുന്ന സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതാണെന്നും വിജിലൻസ് വകുപ്പ് അറിയിച്ചിരുന്നു.

ആയതിനാൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസ് നമ്പർ **VC-02/2026/EKM** നിലവിൽ അന്വേഷണഘട്ടത്തിൽ ആണെന്നതിനാൽ ടി കേസിൽ അറസ്റ്റിലായി നിലവിൽ സസ്പെൻഷനിൽ തുടരുന്ന മരട് നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ സൈജു.എ.ജി-യെ സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിച്ച് ടിയാൻ പാരമർശം (3)- പ്രകാരം സമർപ്പിച്ച അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

പരാമർശം (4) ലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

അഡ്വക്കറ്റ് ജനറൽ ,കേരള , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ശ്രീ. സൈജു.എ.ജി, റവന്യൂ ഇൻസ്പെക്ടർ (നിലവിൽ സസ്പെൻഷനിൽ)(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/94/2026-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 06-08-2026
10:41:58
സെക്ഷൻ ഓഫീസർ